"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലാ മാസ്റ്റർപ്ലാൻ - 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8) പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.73/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/02/2021

പരാമർശം:- 1 21/03/1995-ലെ സ.ഉ.(സാധാ)നം.502/95/എൽ.എ.ഡി.

2 21/02/2018-ലെ സ.ഉ.(കൈ)നം..23/2018/തസ്വഭവ.

3 പാലാ നഗരസഭ കൗൺസിലിന്റെ 06/10/2020-ലെ 2-ാം നമ്പർ യോഗതീരുമാനം.

4. മുഖ്യനഗരാസൂത്രകന്റെ 18/01/2021 തീയതിയിലെ ടിസിപിസിടിപി/1896/2020 - എഫ്2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലാ ടൗണിനു വേണ്ടിയുള്ള കരട് മാസ്റ്റർപ്ലാൻ പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുകയും പരാമർശം (2) ഉത്തരവ് പ്രകാരം പുനപ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പാലാ നഗരസഭയുടെ ഔദ്യോഗിക വെബ് സൈറ്റിൽ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുകയും പ്രസിദ്ധീകരിച്ച വിവരം അറിയിച്ചുകൊണ്ടുള്ള നോട്ടീസ് മലയാള ഭാഷയിലുള്ള പത്രത്തിൽ പ്രസിദ്ധീകരിക്കുകയും കരട് മാസ്റ്റർപ്ലാനിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(4) പ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

2. പാലാ ടൗൺ മാസ്റ്റർപ്ലാനിന്മേൽ ലഭിച്ച ആക്ഷേപങ്ങളിലും നിർദ്ദേശങ്ങളിലും നടപടിയെടുക്കുന്നതിന് 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(6) പ്രകാരം ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലാ ടൗണിന്റെ കരട് മാസ്റ്റർപ്ലാൻ ഭേദഗതി വരുത്തുകയും ചെയ്തിരുന്നു.

3 . സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ മാസ്റ്റർപ്ലാൻ

പരാമർശം (3) പ്രകാരം പാല നഗരസഭ കൗൺസിൽ അംഗീകരിക്കുകയും അന്തിമ അനുമതിക്കായി സർക്കാരിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്.

4. 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8) പ്രകാരം പാലാ ടൗൺ മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകുന്നതിനായി പരാമർശം ( 4 ) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരമുള്ള മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8) പ്രകാരം പാലാ മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

1. സെക്രട്ടറി, പാലാ നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, കോട്ടയം (മുഖ്യനഗരാസൂത്രകൻ ) മുഖേന
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by SINDHU P G
Date: 2021.02.26 11:15:16 IST
Reason: Approved

സെക്ഷൻ ഓഫീസർ